# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5378 — 26.03.2018-ൽ മറുപടിയ്ക്ക്

### ചെങ്ങറ പുനരധിവാസ കേന്ദ്രം

| ചോദ്യം: | മറുപടി: |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) കാസർഗോഡ് ജില്ലയിലെ ചെങ്ങറ പുനരധിവാസ കേന്ദ്രത്തിലെ തൊഴിൽ ശാലയുടെ ഉൽഘാടനം എന്നാണ് നിർവ്വഹിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) കാസർഗോഡ് ജില്ലയിലെ ചെങ്ങറ പുനരധിവാസ പദ്ധതി കേന്ദ്രത്തിലെ തൊഴിൽ ശാലയുടെ ഉൽഘാടനം ബഹു റവന്യൂ വകുപ്പ് മന്ത്രി 06/01/2018 ന് നിർവ്വഹിച്ചു. |
| (ബി) പുനരധിവസിക്കപ്പെട്ട കുടുബങ്ങൾക്ക് ഉപജീവനമാർഗ്ഗമായി ആരംഭിച്ച തൊഴിൽശാലയിൽ ഏതൊക്കെ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) പ്രസ്തുത തൊഴിൽ ശാലയിൽ പേപ്പർ കപ്പ് നിർമ്മാണം, പ്ലേറ്റ് നിർമ്മാണം, കാർപെന്ററി, ടെയിലറിംഗ് എന്നീ മേഖലകളിൽ സ്വയംതൊഴിൽ നടപ്പിലാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് . |
| (സി) ഇതിനായി എത്ര രൂപയുടെ മെഷീനുകളും യന്ത്രസാമഗ്രികളും വാങ്ങിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ; | (സി) തൊഴിൽശാലയുടെ ആവശ്യത്തിനായി RAIDCO യിൽ നിന്ന് വാങ്ങിയ യന്ത്രസാമഗ്രികളുടെ ചെലവ് ചുവടെ ചേർക്കുന്നു.<br>1. പേപ്പർ പ്ലേറ്റ് നിർമ്മാണം മെഷീൻ & പേപ്പർ കപ്പ് നിർമ്മാണം മെഷീൻ- 301693/-രൂപ<br>2. ടെയിലറിംഗ് യൂണിറ്റ് യന്ത്രസാമഗ്രികൾ-21200/-രൂപ<br>3. കാർപെന്ററി യൂണിറ്റ് യന്ത്രസാമഗ്രികൾ-309306/-രൂപ |

| | | |
|---|---|---|
| (ഡി) പ്രസ്തുത തൊഴിൽശാല നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ ;<br><br>(ഇ) ഇല്ലെങ്കിൽ തുറന്ന് പ്രവർത്തിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ; | (ഡി)<br>&<br>(ഇ) | പേപ്പർ കപ്പ് , പ്ലേറ്റ് നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾവരെ വാങ്ങി നൽകിയെങ്കിലും പരിശീലനം ലഭിച്ച കോളനി നിവാസികൾ ആരും തന്നെ തൊഴിൽ ചെയ്യാൻ സന്നദ്ധരായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

BN